# പാൻമസാലയും ആരോഗ്യപ്രശ്നങ്ങളും

ഡോ. പി.എൻ. സുരേഷ്കുമാർ
ഡയറക്ടർ,
ചേതന - സെന്റർ ഫോർ ന്യൂറോ സൈക്യാട്രി, കോഴിക്കോട്

2020-ലെ മാർക്കറ്റ് സ്ഥിതിവിവര കണക്കനുസരിച്ച് ഇന്ത്യയിൽ 45,852 കോടി രൂപ വിലമതിക്കുന്ന വിവിധ ബ്രാന്റുകളിലുള്ള പാൻമസാലകൾ വിറ്റഴിഞ്ഞിട്ടുണ്ട്. 2026-ഓടെ ഇത് 107,916 കോടി ആകുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യൻ ജനസമൂഹത്തിൽ പ്രതിവർഷം 75,000 മുതൽ 80,000 പേർക്ക് വരെ പാൻമസാല മൂലം വായിൽ കാൻസർ വന്നിട്ടുണ്ടെന്ന് ആരോഗ്യമേഖലയിലെ കണക്കുകൾ വ്യക്തമാക്കുന്നു. ആഗോളതലത്തിലെ കണക്ക് പരിശോധിച്ചാൽ ഈ വിപത്ത് ഏറ്റവും കൂടുതൽ സംഭവിക്കുന്നത് ഇന്ത്യയിലാണ്.

പാൻമസാലയുടെ പ്രമുഖ കമ്പോളമായി കേരളം മാറിക്കഴിഞ്ഞു. 1993-ലാണ് പാൻമസാലയുടെ കേരളത്തിലേക്കുള്ള പ്രവേശനം. മഹാരാഷ്ട്രയിൽ നിന്നുമാണ് ഏറ്റവുമധികം പാൻമസാലകൾ കേരളത്തിൽ എത്തുന്നത്. കേരളത്തിൽ ആ സമയം സർക്കാർ നടപ്പിലാക്കിയ ചാരായ നിരോധനം പരോക്ഷമായെങ്കിലും പാൻമസാലയുടെ പ്രചാരണത്തിന് വഴിതെളിച്ചു. ചാരായം നിരോധിച്ചപ്പോൾ കള്ളുഷാപ്പിൽ അഭയം തേടുന്നവർക്ക് വീര്യം കൂടിയ കള്ള് ഉണ്ടാക്കാനായി പായ്ക്കറ്റ് കണക്കിന് പാൻമസാല തുണിയിൽ പൊതിഞ്ഞ് കള്ളിൽ താഴ്ത്തി ചാരായത്തിന്റെ ലഹരിയോട് കിടപിടിക്കത്തവിധം പരുവപ്പെടുത്തി. കൂടെതന്നെ കള്ളിനോടൊപ്പം ചുരുങ്ങിയ ചെലവിൽ ലഹരികിട്ടാൻ പലരും പാൻമസാലകൂടി കൂടെ ഉപയോഗിക്കുന്ന ശീലവും തുടങ്ങി. ഏതാണ്ട് ഇതേ സമയം തന്നെയാണ് ഇതര സംസ്ഥാന തൊഴിലാളികൾ ജോലിക്കായി കേരളത്തിൽ എത്തുന്നത്. അതോടുകൂടി മഹാരാഷ്ട്രയിലും, ബീഹാറിലും, ഒറീസയിലും, ബംഗാളിലും സുലഭമായി ലഭിച്ചിരുന്ന പാൻമസാലകൾ നമ്മുടെ നാട്ടിൽ എത്താനും നമ്മുടെ നാട്ടുകാർ ഉപയോഗിക്കാനും തുടങ്ങി.

ഇന്ത്യയിൽ 26 ശതമാനം ആളുകൾ പാൻമസാലകൾ ഉപയോഗിക്കുന്നുണ്ടെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. നമ്മുടെ നാട്ടിലെ വിദ്യാർത്ഥികളിൽ 14 ശതമാനത്തോളം പേർ ഈ ലഹരിക്ക് അടിമപ്പെട്ടിരിക്കുകയാണ്. ഹാൻസ്, കൈനി, ഗുഡ്ക, മധു എന്നിങ്ങനെ നിരവധി പേരുകളിൽ വെട്ടിത്തിളങ്ങുന്ന ആകർഷകമായ പായ്ക്കറ്റുകളിൽ പാൻമസാലകൾ ലഭ്യമാണ്. പാൻമസാലയെ ഒരു സാധാരണ മുറുക്കാനായിട്ടാണ് പലരും കണക്കാക്കുന്നത്. കുട്ടികളിൽ ഈ ലഹരിശീലം വളർത്തിയെടുക്കാൻ മൗത്ത് ഫ്രഷനറുകൾ എന്നീ രൂപേണ നീരവധി പാൻമസാലകൾ മാർക്കറ്റിലുണ്ട്. ഇവയെ ലഹരിയായി കണക്കിലെടുക്കാത്തതുകൊണ്ട് പല മാതാപിതാക്കളും ഇതത്ര കാര്യമായിട്ടെടുക്കാറില്ല. കുട്ടികളെ ചെറുപ്പത്തിലേ പിടികൂടുക എന്ന തന്ത്രമാണ് പാൻമസാല കമ്പനികൾ സ്വീകകരിച്ചിട്ടുള്ളത്. പ്രത്യക്ഷത്തിൽ അത്ര അപകടകാരിയല്ലെങ്കിലും ഭാവിയിൽ പാൻമസാലകൾ ഉപയോഗിക്കാൻ ഇവ കുട്ടികളെ പ്രേരിപ്പിക്കുന്നു. പല മൗത്ത് ഫ്രഷ്നറുകളിലും പാൻമസാലയുടെ രുചിയും, ഫ്ളേവറുകളും ചേർക്കുന്നുണ്ട്. അതുകൊണ്ട് ഒരു പ്രതിരോധ നടപടിയെന്ന നിലക്ക് മൗത്ത് ഫ്രഷ്നറുകളായി ഇറക്കുന്ന ഉത്പന്നങ്ങൾ കുട്ടികൾ യാതൊരു കാരണവശാലും ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്.

വ്യത്യസ്തരീതിയിൽ  ഉപയോഗിക്കുന്ന പാൻമസാലകൾ ഉണ്ട്. വെറുതെ വായിലിടുന്ന തരവും, ഉള്ളം കൈയിലിട്ട് തിരുമ്മി മയപ്പെടുത്തി ചുണ്ടുകളുടെയോ, കവിളുകളു

ടെയോ ഇടയിൽ വയ്ക്കുന്നവയും, മുറുക്കാൻ രൂപത്തിൽ ഉള്ളവയും ഉണ്ട്. പാൻമസാലകൾ ഉപയോഗിക്കുന്നവരിൽ വ്യത്യസ്ഥമായ പ്രതികരണങ്ങൾ ഉണ്ടാകാം. ചിലർക്ക് തലക്ക് ഒരു കിറുകിറുക്കവും, തരിപ്പും ഉണ്ടാകും. ചിലർക്ക് അമിതമായ വിയർപ്പ്, തലകറക്കം, ഛർദ്ദി എന്നീ ലക്ഷണങ്ങൾ ഉണ്ടാകാം. പാൻമസാല സ്ഥിരമായി ഉപയോഗിക്കുന്നവരെ ഒറ്റ നോട്ടത്തിൽ തന്നെ കണ്ടിപിടിക്കാൻ കഴിയും. ഇക്കൂട്ടരുടെ മുഖം ഒരു ഭാവഭേദവുമില്ലാതെ മരംപോലെയിരിക്കും. ഉറക്കക്ഷീണം, കുഴിഞ്ഞ കണ്ണകുൾ, കറപിടിച്ച പല്ലുകൾ, തുടിപ്പ് നഷ്ടപ്പെട്ട കവിളുകൾ, പാൻമസാലയുടെ കുത്തുന്ന ഗന്ധം, എപ്പോഴും അസ്വസ്ഥത, ഇടക്കിടെ തുപ്പിക്കൊണ്ടിരിക്കുക, അലക്ഷ്യമായ വസ്ത്രരീതി എന്നിവ ഇവരുടെ പ്രത്യേകതകളാണ്.

കുറെകാലം പാൻമസാല വായിൽ വച്ച് കഴിഞ്ഞാൽ അവിടത്തെ നിറം മാറുകയും, എരിച്ചിലും പുകച്ചിലും അനുഭവപ്പെടുകയും ചെയ്യുന്നു. കാലക്രമേണ ആ ഭാഗത്തെ മാംസം ദ്രവിക്കുകയും, ദ്രവിച്ചുപോയ ഭാഗത്ത് ഒരു ദ്വാരം പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെ സംഭവിച്ചാലും ഭൂരിഭാഗം പേരും ഈ ശീലം മാറ്റാൻ തയ്യാറല്ല. പഴിയ സ്ഥലം മാറ്റി തല്ക്കാലം പുതിയ സ്ഥലത്ത് ഇവർ പാൻമസാല വയ്ക്കാൻ തുടങ്ങുന്നു. അത്രക്കും ശക്തമാണ് പാൻമസാല ഉണ്ടാക്കുന്ന ആസക്തി.

ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് പാൻ മസാലയിലടങ്ങിയിട്ടുള്ള സാധനങ്ങളെക്കുറിച്ച് പഠനം നടത്തിയപ്പോൾ ശരീരത്തിന് വളരെയധികം അപകടം ഉണ്ടാക്കുന്ന നിരവധി വസ്തുക്കൾ ഇതിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. വിഷപദാർത്ഥങ്ങളായ, മനുഷ്യജീവന് ഹാനിയുണ്ടാക്കുന്ന പോളിസൈക്ലിക് അരോമാറ്റിക്, ഹൈഡ്രോകാർബൺ, വിഷലോഹങ്ങളായ ലെഡ്, കാഡ്മിയം, നിക്കൽ, കഞ്ചാവിൽനിന്നുണ്ടാകുന്ന എണ്ണയിൽ വറുത്തെടുത്ത അടക്ക, മയക്ക് മരുന്നുകൾ, ഉറക്ക ഗുളികകൾ എന്നിവ പൊടിച്ചത്, കഞ്ചാവിന്റെ വകഭേദമായ ഭാംഗ്, വൈൽ മരത്തിന്റെ പൾപ്പ്, കുപ്പിച്ചില്ല് പൊടിച്ചത്, ഉറമ്പുപൊടി എന്നറിയപ്പെടുന്ന ഡി.ഡി.ടി. എന്നിവയാണ് പ്രധാനമായും ഇവയിലടങ്ങിയിട്ടുള്ളത്. കറാച്ചി യൂണിവേഴ്സിറ്റിയിസെ കെമിസ്ട്രി വിഭാഗം പാൻമസാല വിശദമായ പരിശോധനക്ക് വിധേയമാക്കിയപ്പോൾ ചില ബ്രാന്റുകളിൽ ചെറിയതോതിൽ ഹെറോയിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

പാൻമസാലയിലടങ്ങിയിട്ടുള്ള ചേരുവകളിൽ പലതും കാൻസറിന് വഴിതെളിയിക്കുന്നവയാണ്. ഇവ ചർമ്മത്തിന്റെ മൃദുലപേശികളെ കടന്നാക്രമിച്ച് ചർമ്മത്തിന്റെ ഇലാസ്തികതയെ നശിപ്പിക്കുന്നു. അങ്ങിനെ വായിലെ തൊലി ഉരിഞ്ഞ് പോകുന്നതുമൂലം സബ് മ്യൂകസ് ഫൈബ്രോസിസ് എന്ന രോഗം പ്രത്യക്ഷമാകുന്നു. പ്രത്യക്ഷത്തിൽ ഈ അവസ്ഥ കാൻസറല്ലെങ്കിലും ഇത് കാൻസറിന് മുന്നോടിയായുള്ള അവസ്ഥയാണ്. ഇക്കൂട്ടർക്ക് സാധാരണ ആളുകളേക്കാൾ കാൻസർ പിടിപെടാനുള്ള സാധ്യത 400 ഇരട്ടിയാണ്. കോശങ്ങൾക്ക് ജീവനറ്റുപോയതിനാൽ ഇത്തരക്കാർക്ക് വായിൽ വേദന അനുഭവപ്പെടാറില്ല. പാൻമസാല ശീലക്കാരായ എല്ലാ പ്രായക്കാരിലും ഈ അവസ്ഥ പ്രത്യക്ഷപ്പെടാം. സബ് മ്യൂക്കസ് ഫൈബ്രോസിസിന്റെ കാൻസറിലേക്കുള്ള പരിണാമം ഒരു പരിധിവരെ തിരിച്ചറിയാം. തൊലിയിലുള്ള നിറം മാറ്റം, വായ്ക്കള്ളിൽ കലകൾ രൂപപ്പെടുക, കോളിഫ്ളവറിന്റെ രൂപത്തിൽ വളർച്ചകൾ പ്രത്യക്ഷപ്പെടുക, തൊണ്ടയിൽ മുഴ എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ കണ്ടാൽ ഉടൻതന്നെ ഡോക്ടറെ സമീപിക്കണം. പാൻമസാല ശീലക്കാരിൽ കണ്ടുവരുന്ന മറ്റൊരു ആരോഗ്യപ്രശ്നമാണ് ലുക്കോപ്ലാക്കിയ. വായിൽ വെളുത്ത പാടുകൾ കാണുന്നതാണ് രോഗലക്ഷണം. ഏതാനും വർഷങ്ങൾക്കുള്ളിൽ ഇത് ത്വക്കിൽ കാണപ്പെടുന്ന സ്കാമസ് സെൽ കാൻസറായി മാറാം. ഇതു കൂടാതെ തൊണ്ട, അന്നനാളം, ആമാശയം എന്നീ ഭാഗങ്ങളിലും പാൻമസാല കാൻസർ ഉണ്ടാക്കാം.

പാൻമസാലകൾ ഉണ്ടാക്കുന്ന മാനസികപ്രശ്നങ്ങൾ നിരവധിയാണ്. ഇവർക്ക് അകാരണമായ സന്തോഷവും ദുഃഖവും മാറിമാറി അനുഭവപ്പെടാം. പെട്ടെന്നുള്ള ദേഷ്യം, വെറുപ്പ്, അക്രമവാസന, എടുത്തുചാട്ടം, നിരാശ എന്നിങ്ങനെയുള്ള വൈകാരികാവസ്ഥകളും ഇവരിൽ കാണുന്നുണ്ട്. യുക്തമായ തീരുമാനങ്ങൾ എടുക്കാൻ കഴിയായ്ക, ഉത്കണ്ഠ, ആത്മവിശ്വാസക്കുറവ്, അന്തർമുഖത്വം, അകാരണമായ പേടി, മറവി, ആത്മഹത്യാ ചിന്ത, ലൈംഗിക ശേഷിക്കുറവ്, ലൈംഗിക വൈകൃതങ്ങൾ, സ്വവർഗ്ഗ രതി, കുട്ടികളോടുള്ള ലൈംഗിക താല്പര്യം എന്നിവയും പാൻമസാല ശീലക്കാരിൽ കൂടുതലാണ്. പാൻമസാലയിൽ അടങ്ങിയിട്ടുള്ള രാസവസ്തുക്കളിൽ ചിലത് ഡി.എൻ.എ.യുടെ ഘടനയിൽ തകരാറുണ്ടാക്കാൻ സാധ്യതയുള്ളവയാണ്. പുകയിലയിലും അടക്കയിലും ഉണ്ടാകുന്ന ഫംഗസ്ബാധ പാൻമസാല ശീലക്കാരിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പാൻമസാലശീലം നിർത്തുന്നതിനായി ഫലപ്രദമായ മരുന്നുകളൊന്നും നിലവിലില്ല. ഈ ശീലം തുടങ്ങിവക്കാതിരിക്കുന്നതാണ് ഏറ്റവും ഫലപ്രദമായ ചികിത്സ. ഉപയോഗിച്ച് പഴകിയവർക്ക് പാൻമസാല ഉപയോഗിക്കാൻ തോന്നുമ്പോൾ പകരം മിഠായിയോ, പുകയില അടങ്ങിയ ചൂയിംഗ് ഗമ്മുകളോ ഉപയോഗിച്ച് ലഹരിശീലം ആരോഗ്യത്തിന് ഹാനിയുണ്ടാക്കാതെ മറ്റു വസ്തുക്കളിലേക്ക് മാറ്റാവുന്നതാണ്. കാലക്രമേണ മറ്റു വസ്തുക്കളുടെ ഉപയോഗശീലം രോഗിക്ക് തന്നെ നിർത്താൻ സാധിക്കും.

പാൻമസാലകളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ഇനിയും പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ലഭ്യമായ അറിവനുസരിച്ച് കാൻസറിനും, അനുബന്ധ രോഗങ്ങൾക്കും, ശാരീരിക-മാനസിക പ്രശ്നങ്ങൾക്കും വഴിതെളിയിക്കുന്ന ഭീകരനാണ് പാൻമസാലകൾ. സർക്കാർ നിയമം മൂലം ഇതിന്റെ വില്പന നിരോധിച്ചിട്ടുണ്ടെങ്കിലും ഇന്നും നമ്മുടെ നാട്ടിൽ യഥേഷ്ടം ലഭ്യമാണ് പാൻമസാലകൾ എന്നുള്ളതാണ് ദുഃഖകരമായ വസ്തുത. ഇന്ത്യയിലെ പ്രമുഖ മയക്കുമരുന്നു കച്ചവടക്കാർ തന്നെയാണ് പാൻമസാലകളും നിർമ്മിക്കുന്നത്. അതുകൊണ്ടുതന്നെ പാൻമസാലകളിൽ മയക്കുമരുന്നുകൂടി ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്. ചുരുക്കത്തിൽ വർണ്ണകടലാസുകളിൽ ഒളിച്ചിരിക്കുന്ന കൊലയാളിയാണ് പാൻമസാലകൾ.

***